(സി) ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന ലൈബ്രേറിയൻമാരെയും ടീച്ചർമാരെയും ആയമാരെയും പിരിച്ചു വിടരുതെന്നാവശ്യപ്പെട്ടുകൊണ്ട് കേരള പഞ്ചായത്ത് എംപ്ലോയീസ് അസോസിയേഷൻ നൽകിയ നിവേദനത്തിൻമേൽ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) റവന്യൂ, കൃഷി, മൃഗസംരക്ഷണ വകുപ്പുകളിൽ താൽക്കാലികമായി തൂപ്പു ജോലി ചെയ്തിരുന്നവരെ പിരിച്ചു വിടരുതെന്ന് ഉത്തരവായതുപോലെ പഞ്ചായത്തുകളിൽ ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരെ പിരിച്ചു വിടാതിരിക്കുന്നതിനു നടപടി സ്വീകരിക്കുമോ;

(ഇ) ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നവരുടെ നിയോഗ കാലാവധി 31-3-2001 തീയതി അവസാനിക്കുന്ന കാര്യം പരിഗണിച്ച് ഇവരുടെ സേവന കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് 2001 മാർച്ച് 31-ന് മുമ്പ് പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇവരുടെ നിയോഗകാലാവധി ദീർഘിപ്പിക്കണമെന്ന് ശുപാർശ ചെയ്തുകൊണ്ടുള്ള പഞ്ചായത്ത് ഡയറക്ടറുടെ അപേക്ഷ 10-3-2000-ലാണ് സർക്കാരിന് ലഭിച്ചത്. ആയത് പരിശോധിച്ച് 13-6-2000-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുവാൻ വൈകിയതു മൂലം ആരെയും പിരിച്ചുവിട്ടതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) പ്രസ്തുത ആവശ്യം പരിശോധിച്ചു വരികയാണ്.

(ഇ) ഇവരുടെ നിയോഗ കാലാവധി 1-4-2001 മുതൽ 31-3-2002 വരെ ദീർഘിപ്പിച്ച് 24-2-2001-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (സഉ.(സാ)നം.681/2001/തസ്വഭവ)

മാലിന്യ നിർമ്മാർജ്ജന തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കാൻ നടപടി

38 (1326) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എത്ര മാലിന്യനിർമ്മാർജ്ജന തൊഴിലാളികളും കീടനാശിനി തളിക്കുന്ന തൊഴിലാളികളും ഉണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത തൊഴിലാളികളെ മൂന്നു മാസത്തിലൊരിക്കൽ വൈദ്യ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ ;

(സി) മാലിന്യ നിർമ്മാർജ്ജന തൊഴിലാളികൾക്ക് മാലിന്യ നിർമ്മാർജ്ജനത്തിന് കയ്യുറകളും ബൂട്ട്സുകളും നൽകാറുണ്ടോ ; എങ്കിൽ കഴിഞ്ഞ രണ്ടു കൊല്ലക്കാലത്ത് ഈ ഇനത്തിൽ എന്തു തുക ചെലവായി ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മാലിന്യനിർമ്മാർജ്ജന തൊഴിലാളികൾ എത്ര പേർക്ക് ത്വക്ക് രോഗവും മന്തുരോഗവും ശ്വാസകോശരോഗങ്ങളും ഉണ്ടെന്ന് വ്യക്തമാക്കുമോ ; മന്തുരോഗമുള്ള മാലിന്യനിർമ്മാർജ്ജന തൊഴിലാളികൾ ആരൊക്കെ ആണെന്നും ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരാണെന്നും വ്യക്തമാക്കുമോ ;

(ഇ) മാലിന്യ നിർമ്മാർജ്ജന തൊഴിലാളികളും കീടനാശിനി തളിക്കുന്ന തൊഴിലാളികളും തൊഴിൽമൂലം രോഗികളാകുന്നതും അകാലത്തിൽ മരണപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കഴിഞ്ഞ അഞ്ചു കൊല്ലത്തിനുള്ളിൽ എത്ര മാലിന്യ നിർമ്മാർജ്ജന തൊഴിലാളികൾ സർവ്വീസിലിരിക്കെ മരണപ്പെട്ടിട്ടുണ്ട് ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു വരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതവും വിനിയോഗവും

39 (1328) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജനകീയാസൂത്രണ പദ്ധതിയ്ക്ക് തുടക്കമിട്ടതിനുശേഷം ഓരോ സാമ്പത്തിക വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടി എന്തു തുക നീക്കി വച്ചു ; എന്തു തുക ചെലവഴിച്ചു ; ഇത് നിർദ്ദേശിക്കപ്പെട്ട തുകയുടെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതി ആരംഭിച്ചതിനുശേഷം ഏതെല്ലാം വർഷങ്ങളിൽ തുകയുടെ വിനിയോഗ കാലാവധി ദീർഘിപ്പിച്ചുവെന്നും അപ്രകാരം ചെയ്യാനുണ്ടായതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ ;

(സി) ഓരോ വർഷങ്ങളിലും പദ്ധതി തുക എത്ര ഗഡുക്കളായി നൽകുന്നതിനാണ് പദ്ധതിയിട്ടിരുന്നതെന്നും ഓരോ ഗഡുവും ഏതെല്ലാം തീയതികളിൽ നൽകിയെന്നും വർഷം തിരിച്ച് വെളിപ്പെടുത്തുമോ ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ കാലയളവിൽ അനുവദിച്ച ഗഡുക്കളിലും കുറവാണോ ഈ വർഷത്തെ അലോട്ട്മെന്റ് എന്നും വെളിപ്പെടുത്തുമോ ;

(ഇ) ജനകീയാസൂത്രണ പരിപാടികളുടെ പാളിച്ചകളിൽ ആസൂത്രണ ബോർഡിനും വിദഗ്ദ്ധ സമിതികൾക്കും ഏതളവുവരെ ഉത്തരവാദിത്വമുണ്ടെന്ന് അറിയിക്കാമോ ;

(എഫ്) ജനകീയാസൂത്രണ പരിപാടികളുടെ പ്രചരണത്തിനായി പ്ലാനിംഗ് ബോർഡ് പബ്ലിക് റിലേഷൻസ് വകുപ്പ്, മറ്റ് മാധ്യമങ്ങൾ എന്നിവ വഴി എന്തെല്ലാം പ്രചരണങ്ങൾ നടത്തിയെന്ന് പ്രസിദ്ധീകരിച്ച പുസ്തങ്ങളുടെ വിവരങ്ങൾ, നൽകിയ പരസ്യങ്ങളുടെ വിവരങ്ങൾ എന്നിവ സഹിതം അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly